പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3419 — 19.06.2019-ലെ മറുപടിക്ക്

## **ഡ്രൈവർ കം കണ്ടക്ടർ സംവിധാനം**

| ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ | | മറുപടി<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ നടപ്പിലാക്കിയ ഡ്രൈവർ കം കണ്ടക്ടർ സംവിധാനം വിജയകരമാണെന്ന് വിലയിരുത്തുന്നുണ്ടോ; | (എ) | ദീർഘദൂര സർവ്വീസുകളിൽ ഡ്രൈവർ കം കണ്ടക്ടർ സംവിധാനം പൂർണ്ണ വിജയകരമാണെന്ന് വിലയിരുത്താൻ കഴിഞ്ഞിട്ടില്ല. ദീർഘദൂര സർവ്വീസുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, അപകട സാധ്യത കുറയ്ക്കുന്നതിനും, മാനവശേഷി പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിനുമായാണ് ഡ്രൈവർ കം കണ്ടക്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്രസ്തുത സംവിധാനം അതിന്റെ ഫലപ്രാപ്തിയിൽ പൂർണ്ണമായും എത്തിയിട്ടില്ല എന്നാണ് പ്രാഥമികമായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. |
| (ബി) | തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിലെ ഏതെങ്കിലും സർവ്വീസുകളിൽ നിന്ന് ഈ സംവിധാനം പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സർവ്വീസുകളിൽ നിന്നാണെന്നും കാരണമെന്താണെന്നും വ്യക്തമാക്കാമോ? | (ബി) | 19.45 - നിലമ്പൂർ, 19.30 - കോഴിക്കോട്, 22.20 - കോഴിക്കോട് എന്നീ സർവ്വീസുകളിൽ നിന്നാണ് ഡ്രൈവർ കം കണ്ടക്ടർ സംവിധാനം പിൻവലിച്ചിട്ടുള്ളത്. ഓരോ ട്രിപ്പിനും നിയമാനുസൃതമായ സ്റ്റിയറിംഗ് ഡ്യൂട്ടിയും ട്രിപ്പുകൾക്കിടയിൽ 10 മണിക്കൂറിലധികം വിശ്രമവും ജീവനക്കാർക്ക് ലഭിക്കുന്ന തരത്തിലാണ് ഷെഡ്യൂളുകൾ ക്രമീകരിച്ചിട്ടുള്ളത്. കൂടാതെ ടി സർവ്വീസുകളിൽ നിന്നും ഡ്രൈവർ കം കണ്ടക്ടർ സംവിധാനം പിൻവലിച്ചതിനെ തുടർന്ന് ലഭ്യമായ ഡ്രൈവർ വിഭാഗം ജീവനക്കാരെ ഉപയോഗിച്ച് മറ്റ് സർവ്വീസുകൾ നടത്തുന്നതിനും സാധിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**